"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി, 'കൈവല്യ'- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സഹകരണത്തോടെ കടിശ്ശിക അപേക്ഷകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്- പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1267/2021/തൊഴിൽ     തിരുവനന്തപുരം, 31/10/2021

---

പരാമർശം:-

1. 30.09.2020-ലെ സ.ഉ.(കൈ) നമ്പർ 42/2020/തൊഴിൽ.
2. 20.10.2020-ലെ സ.ഉ.(കൈ) നമ്പർ 45/2020/തൊഴിൽ.
3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 01.09.2021, 07.10.2021 തീയതികളിലെ DE/1822/2020-P2 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ' യുടെ ഘടക പദ്ധതിയായ സ്വയംതൊഴിൽ വായ്പ പദ്ധതിയുടെ കീഴിൽ കടിശ്ശികയായിരുന്ന 7449 അപേക്ഷകൾ, നാഷണൽ ഹാൻഡിക്യാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ (NHFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് അനുവദിച്ച തുക വിനിയോഗിച്ച്, ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ സ്വയംതൊഴിൽ വായ്പ അനുവദിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന്, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷനുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈവല്യ സ്വയംതൊഴിൽ വായ്പയ്ക്കായുള്ള 7449 കടിശ്ശിക അപേക്ഷകൾ തീർപ്പാക്കുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ധാരണയായിരുന്നതിൽ, നാളിതുവരെ 6941 അപേക്ഷകർക്ക് കോർപ്പറേഷൻ മുഖേന വായ്പ അനുവദിച്ചിട്ടുള്ളതാണെന്നും, അപേക്ഷ സമർപ്പിച്ച കുറെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ/സ്വകാര്യ മേഖലയിൽ സ്ഥിരവും താൽകാലികവുമായ ജോലി

ലഭിച്ചതിനാൽ വായ്പ ആവശ്യമില്ലായെന്ന് അറിയിച്ചതിനാലും ചില അപേക്ഷകർ ടി കാലയളവിൽ മരണപ്പെട്ടുകയും മറ്റ ചിലർ ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വായ്പാ അപേക്ഷ റദ്ദാക്കാൻ ആവശ്യപ്പെട്ടുകയും ചെയ്യതിനാൽ, കടിശ്ശികയായിരുന്ന 7449 അപേക്ഷകരിൽ അവശേഷിക്കുന്നവർക്ക് വായ്പ അനുവദിക്കാൻ സാധിച്ചിട്ടില്ലായെന്നും, ടി സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള 7449 അപേക്ഷകർ എന്ന പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട്, നാളിതുവരെ അവശേഷിക്കുന്ന അപേക്ഷകർക്ക് കൂടി വായ്പ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള 7449 അപേക്ഷകർ എന്ന പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട്, നാളിതുവരെ അവശേഷിക്കുന്ന അപേക്ഷകർക്ക് കൂടി, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന കൈവല്യ സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പത്മിനി കെ എസ്
അണ്ടർ സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്,പൂജപ്പുര, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Retty P Thomas
Date: 01-11-2021 10:35:08
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : -
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ് .-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.